ജലസേചന നികുതി

* 352. [11] ശ്രീ. എൻ. ഗോപാലക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര താലൂക്കിൽ പെരുവേലിചാൽ പുഞ്ച, തഴക്കര പുഞ്ച എന്നീ പാടശേഖരങ്ങളിൽ ജലസേചന നികുതി ഏർപ്പെടുത്തിയതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ജലസേചനത്തിന്റെ ആനുകൂല്യം കിട്ടാത്ത നിലങ്ങളെ നികുതിയിൽ നിന്നൊഴിവാക്കാൻ നടപടികളെടുക്കുമോ ;

(സി) നിവേദനത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്): (എ) പെരുവേലിചാൽ പുഞ്ചയിൽ നിന്നും ജലസേചന നികുതി ഈടാക്കുന്നതിനെതിരായി ഒരു പെറ്റീഷൻ കിട്ടിയിട്ടുണ്ട്.

(ബി) ജലസേചനസൗകര്യം ലഭിക്കാത്ത നിലങ്ങളുടെ കാര്യത്തിൽ പരാതികൾ ലഭിച്ചാൽ അവയെ നികുതിയിൽ നിന്നും ഒഴിവാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) മാവേലിക്കര ഇറിഗേഷൻ സബ് ഡിവിഷനിൽ അന്വേഷണത്തിലിരിക്കുന്നു.

മി. സ്പീക്കർ : ചോദ്യം 28-ന്റെ ഉത്തരംകൂടി പറയാം.

ജലനികുതി

* 353. [28] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963–64-ൽ ഡിസംബർ അവസാനംവരെ ജലനികുതി ചുമത്തുന്നതിനുള്ള ക്രമക്കേടുകളെ സംബന്ധിച്ചു ആകെ എത്ര പരാതികൾ ഗവണ്മെന്റിനു കിട്ടിയിട്ടുണ്ട് ;

(ബി) തൃശ്ശൂർ ജില്ലയിൽനിന്നു എത്ര പരാതികൾ കിട്ടി ;

(സി) ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) : (എ) 1963 ഡിസംബർ അവസാനംവരെ ഏതാണ്ട് 13,000-ത്തോളം പരാതികൾ വിവിധ ജില്ലകളിലായി ലഭിച്ചിട്ടുണ്ട്.

(ബി) ഏതാണ്ട് 10,000 പരാതികൾ കിട്ടി.

(സി) പരാതികളിന്മേൽ അന്വേഷണങ്ങൾ നടത്തി അർഹതയുള്ളവരെ ജലനികുതിയിൽ നിന്നും ഒഴിവാക്കുന്നതിനുവേണ്ട നടപടികൾ എടുത്തുവരുന്നുണ്ട്. ഇതിൽ കളക്ടർമാരെ സഹായിക്കുന്നതിനായി എറണാകുളത്തും തൃശ്ശൂരും ഓരോ സ്പെഷ്യൽ തഹസീൽദാരെ വീതം നിയമിച്ചിട്ടുണ്ട്. തൃശ്ശൂരിൽ മാത്രമായി ഏതാണ്ട് 500 ഓളം കേസ്സുകൾ അന്വേഷണത്തിനു വിധേയമാക്കുകയും അതിൽ 150-ഓളം കേസ്സുകൾ തീരുമാനിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly